**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4401** **01-07-2024 - ൽ മറുപടിയ്ക്ക്**

**സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നിയമ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ നിയമനിർമ്മാണം നടത്തണമെന്ന 2018-ലെ ബഹു.സുപ്രീം കോടതിയുടെ വിധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതി ഉത്തരവ് പരിശോധിച്ചിരുന്നു. ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് നിയമം എന്ന രീതിലുള്ള പ്രഭാവം നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്ത് നിന്നും. Executive Directive No. 19/2020 dtd 26/06/2020, Executive Directive No. 2/2024/PHQ dtd 10/02/2024 എന്നിവ പുറപ്പെടുവിച്ചിട്ടുള്ളതും ആയത് കൃത്യമായി നടപ്പിലാക്കി വരുന്നതുമാണ്. |
| (ബി) | എങ്കിൽ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | (ബി) | ഇല്ല. 01.07.2024 മുതൽ നിലവിൽ വന്ന ഭാരതീയ ന്യായസുരക്ഷാ സംഹിതയുടെ 398-ാം വകുപ്പിൽ സാക്ഷികൾക്ക് സംരക്ഷണം നൽകുന്നത് സംബന്ധിച്ച നിർദ്ദേശമുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (സി) | ഇല്ല. 01.07.2024 മുതൽ നിലവിൽ വന്ന ഭാരതീയ ന്യായസുരക്ഷാ സംഹിതയുടെ 398-ാം വകുപ്പിൽ സാക്ഷികൾക്ക് സംരക്ഷണം നൽകുന്നത് സംബന്ധിച്ച നിർദ്ദേശമുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. പ്രത്യേക നിയമ നിർമ്മാണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | സാക്ഷികൾക്ക് സംരക്ഷണം നൽകുന്ന തരത്തിൽ ഏതെങ്കിലും നിയമം സംസ്ഥാനത്ത് | (ഡി) | The Unlawful Activities (Prevention) Act. 1967 (Central Act 37 of 1967) - (Central Act 37 of |

| | | | |
|---|---|---|---|
| | നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | | 1967)-ന്റെ 44-ാം വകുപ്പ്, The National Investigation Agency Act, 2008 (Central Act 34 of 2008) -ന്റെ 17-ാം വകുപ്പ് എന്നീ കേന്ദ്ര ആക്റ്റുകളിൽ സാക്ഷികളുടെ സംരക്ഷണം (Protection of Witnesses) സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ Bharatiya Nagarik Suraksha Sanhita, 2023 (46 of 2023) യുടെ 216-ാം വകുപ്പ് പ്രകാരം സാക്ഷികളെ ഭീഷണിപ്പെടുത്തുന്ന സംഗതിയിൽ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത ആക്റ്റുകൾ സംസ്ഥാനത്തിന് ബാധകമായിരിക്കുന്നതും സംസ്ഥാനത്ത് നിലനിൽക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ